Grievances of Kumarapuram Villagers.

*468 MR. K. RAMAKRISHNAN ACHARI (*Nedumangad II—Kammala*): കീഴ്ക്കാണും വിവരങ്ങൾക്കു കനം എക്സൈസ് ഇലാകാ മന്ത്രി അവർകൾ പതിൽ അറിപ്പാർക്കുമോ?

(a) തിരുവിതാംകൂർ പവുണ്ടറിയിൽ, ആരൽവായ്മൊഴി സുങ്കവരിച്ചാവടിയിൻ മൈലുക്കു കിഴക്കേ കുമാരപുരം, കണ്ണപ്പനല്ലൂർ എന്ന പിരാക്കുകളിൽ തിരുവിതാംകൂർ മക്കൾ വാഴുകിൻറാർകൾ എന്നു എക്സൈസ് ഇലാകാവിർക്കും, അരചാങ്കത്തിർക്കും തെരിയവരുമാ?

(b) സുങ്കച് ചാവടിയിൻ മേർകിരുക്കും തിരുവിതാംകൂർ മക്കൾ അനുപവിക്കും ഉണവു, ഉടൈ, പോക്കുവരവു സുതന്തിരം അവർകൾ അടൈന്തു വരുകിൻറാർകളാ?

(c) കുമാരപുരം, കണ്ണപ്പനല്ലൂർ മക്കളിൻ സങ്കടവിണ്ണപ്പമും, പേട്ടിയും സംപന്തമാക തർപോതിരുക്കും എക്സൈസ് ഇലാകാ കമിഷണർ അവർകൾ ഏതാവതു നടവടി എടുത്തിണ്ടാ?

HON'BLE MR. E. K. MADHAVAN : (എ) ഉണ്ട്.

(ബി) ഉണ്ട്. ഡ്യൂട്ടിയുള്ളതും നിരോധിച്ചിട്ടുള്ളതും ആയ സാമാനങ്ങൾമാത്രം.

(സി) ഉണ്ട്.

MR. K. RAMAKRISHNAN ACHARI : മന്ത്രി അവർകൾ അന്ത സ്തലങ്കളൈ നേരിൽ പാർത്തു, വേണ്ടിയ സൌകരിയങ്കൾ സെയ്തു തരമുടിയുമാ?

HON'BLE MR. E. K. MADHAVAN : നേരിട്ട അനേഷിച്ച് വേണ്ടതു ചെയ്യുന്നതിനു ഏർപ്പാടു ചെയ്യാം.

മലയാളം പണ്ഡിതർക്കുള്ള ശമ്പളസ്കെയിൽ

*469. MR. P. CHACKO (*Thiruvalla V—General*) താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ?

(എ) വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ മലയാളം പണ്ഡിതർക്കു നിശ്ചയിച്ചിട്ടുള്ള ശമ്പളസ്കെയിൽ എന്ത്?

(ബി) ഇംഗ്ലീഷ് ഭാഷയെപ്പോലെതന്നെ പ്രാധാന്യമുള്ള ഉപഭാഷ പോഷിപ്പിക്കുന്ന മലയാളം പണ്ഡിതർക്കും ഇംഗ്ലീഷ് അദ്ധ്യാപകന്മാർക്കുള്ള സ്കെയിൽ കൊടുക്കുന്നതിനു വല്ല തടസ്സവുമുണ്ടോ?

HON'BLE MR. N. KUNJURAMAN : ബി. എ., ബി. ഓ. എൽ, എന്നീ പരീക്ഷകളും പാസ്സായവർക്കു 100 രൂപാ മുതൽ 200 രൂപാവരെയും മഹോപാദ്ധ്യായ, ശിരോമണി എന്നീ പരീക്ഷകളും പാസ്സായവർക്കു 80 രൂപാ മുതൽ 160 രൂപാ വരെയും വിദ്വാൻ സാഹിത്യവിശാരദ്

LIBRARY ARCHIVES Kerala Legislative Assembly